

# GALA




## GVHSS FOR GIRLS TIRUR

B P ANGADI--MALAPPURAM

# ആമുഖം

ഒരു വ്യക്തിയുടെ സർവ്വതോൻ മുഖമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.വായനാശീലം എക്കാലത്തും പ്രാധാന്യമുള്ള ഒന്നാണ്. വായനയിലൂടെയുള്ള വളർച്ചയാണ് യഥാർഥ വളർച്ച.വായനയിലൂടെ ആസ്വാദനത്തിലൂടെ എഴുത്തിലൂടെ വ്യക്തിത്വത്തെ കൂടിയാണ് രൂപപ്പെടുത്തിയെടുക്കുന്നത്.അതുകൊണ്ട് തന്നെ സ്കൂൾവിദ്യാഭ്യാസ കാലഘട്ടത്തിൽ നന്നായി വായിക്കാനും ആസ്വദിക്കാനും അതിലൂടെ സർഗാത്മക രചനകൾ നടത്താനുള്ള ധാരാളം അവസരങ്ങൾനൽകേണ്ടതുണ്ട്.അതിന്റെ ഭാഗമായി നടന്ന ചില പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുന്നതാണ് space magazine എന്ന ഈ ഡിജിറ്റൽ മാഗസിൻ.

വിവര വിനിമയ സങ്കേതിക വിദ്യ അനുദിനം കുതിച്ച് വളരുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിനുള്ള പ്രസക്തി വളരെ വലുതാണ്.കൈയെഴുത്ത് മാഗസിനുകളിൽ നിന്ന് വ്യത്യസ്തമായി,ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാർഥികൾ തന്നെ തയ്യാറാക്കിയിരിക്കുന്നു എന്നതാണ് ഈ മാഗസിന്റെ പ്രത്യേകത.സ്വതന്ത്ര സോഫ്റ്റ്‌വെയറായ സ്ക്രൈബസ് സോഫ്റ്റ്‌വെയറിലാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിട്ടുള്ളത്.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഗേൾസ് സ്കൂൾ ചരിത്രം | 6-9 |
| 2 | എൻെറ വിദ്യാലയം | 10 |
| 3 | വയനാട്ടിലേക്ക് ഒരു യാത്ര | 11 |
| 4 | Women Empowerment | 12 |
| 5 | അച്ഛൻെറ നോവ് | 13 |
| 6 | ഗണിത കവിത | 14 |
| 7 | മറന്നുപോയ ബന്ധങ്ങൾ | 15 |
| 8 | പൈതഗോറസ് | 16 |
| 9 | Words are like Fire flames | 17 |
| 10 | ചാറ്റ് ജിപിറ്റി | 18-19 |

# ആശംസ



തിരൂർ ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസിലെ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥിനികളുടെ സർഗസൃഷ്ടികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ "ഡിജി –ഗാല "എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും

**MUMTHAS C P**
HEAD MISTRESS

# ആശംസ

തിരൂർ ഗേൾസ് ഹയർസെക്കൻ്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിനികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ " ഡിജി –ഗാല "പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥിനികൾക്കും അധ്യാപകർക്കും എൻ്റെ പേരിലുള്ള ഹൃദയം നിറഞ്ഞ ആശംസകൾ

**SHIHAB K K**
SITC

# എഡിറ്റോറിയൽ ബോർഡ്

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

| | |
|---|---|
| അംന ഷെറിൻ.ആർ | 9.D |
| ഫാത്തിമ ഹിബ.ടി.പി | 9.D |
| ഫാത്തിമ റിഫ.എൻ | 9.D |
| ഫാത്തിമ നിദ.പി.കെ | 9.D |
| ഫാത്തിമ റിഫ.പി | 9.D |
| റിസ.എ | 9.C |
| ഹംന ഷെറിൻ.സി | 9.C |

# ഗേൾസ് സ്കൂൾ ചരിത്രം

ശതാബ്ദി ആഘോഷിക്കുന്ന ബി.പി. അങ്ങാടിയിലെ ഗവ. ഗേൾസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ അതിന്റെ സ്ഥാപനത്തിന്റെ നൂറ് വർഷങ്ങൾ പിന്നിടുമ്പോൾ ചില ചരിത്ര വസ്തുതകൾ വിശദീകരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് കരുതുന്നു.

മൈസൂർ സുൽത്താൻമാരുടെ മലബാർ അധിനിവേശത്തിനു ശേഷം (1766 1792 എ.ഡി) ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ വന്ന മലബാർ പ്രദേശം കുറച്ചുകാലത്തെക്കെങ്കിലും ശാന്തമായിരുന്നു.എന്നാൽ 1840 മുതൽ 1885 വരെയുള്ള കാലയളവിൽ തെക്കെ മലബാറിൽപ്പെട്ട ഏറനാട്, വള്ളുവനാട് എന്നീ പ്രദേശങ്ങളിൽ കലാപങ്ങൾ തുടരെ തുടരെ ഉണ്ടായികൊണ്ടിരുന്നു.അതിന് അന്ന് നിലവിലുണ്ടായിരുന്ന ജന്മി – കുടിയാൻ ബന്ധവും മതപരമായ പ്രശ്നങ്ങളും കാരണങ്ങളായി തീർന്നു.

ഈ പ്രദേശങ്ങളിൽ മുസ്ലീം മാപ്പിളമാർ ബ്രിട്ടീഷ് ഭരണത്തിനെതിരെ നടത്തിയ ചെറുത്തുനിൽപ്പുകൾ അടിച്ചമർത്താൻ ബ്രിട്ടീഷ് സർക്കാറിന് വളരെയധികം പാടുപ്പെടേണ്ടിവന്നു. ഈ കാലത്ത് 1852 ഫെബ്രുവരിയിൽ സാദർ അദാലത്ത് കോടതിയുടെ ഒരു ജഡ്ജിയായ തോമസ് ലാമ്സൺ സ്ട്രേഞ്ചിനെ മാപ്പിള അസ്വസ്ഥതകളെയും അവയുടെ കാരണങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്പെഷൽ കമ്മീഷണറായി നിയമിച്ചു.

1852 ൽ കമ്മീഷണർ സ്ട്രേഞ്ച് തന്റെ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ പ്രധാനമായും ചൂണ്ടിക്കാട്ടിയത് അസ്വസ്ഥതകൾക്കുള്ള മൂലകാരണം ജന്മി – കുടിയാൻ ബന്ധത്തിലുള്ള പ്രശ്നങ്ങളോ, ജീവിത പരാധീനതകളോ അല്ലെന്നും, മാപ്പിളമാരുടെ വിട്ടുവീഴ്ചയില്ലാത്ത മതാവേശമാണെന്നും ആയിരുന്നു. സ്ഥിതിഗതികൾ നിയന്ത്രിച്ചില്ലെങ്കിൽ കൂടുതൽ ദൂഷ്യഫലങ്ങൾ അതുളവാക്കുമെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് സർക്കാർ അടിച്ചമർത്തൽ കൂടുതൽ കർശനമാക്കുകയാണ് ചെയ്തത്. എന്നാൽ ഇതുകൊണ്ടൊന്നും കലാപങ്ങളെ പാടെ നിർമാർജനം ചെയ്യാൻ കഴിഞ്ഞില്ല. അവ പൂർവ്വാധികം ശക്തിപ്പെട്ടു.



വിദ്യാഭ്യാസത്തോട് വിമുഖത കാട്ടിയിരുന്ന വിഭാഗമായി രുന്നു മാപ്പിളമാർ. അതേ സമയം മതവിദ്യാഭ്യാസകാര്യത്തിൽ വളരെ തൽപരരുമായി ഓത്തു പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഭൗതിക വിഷയങ്ങൾകൂടി പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തുകൊണ്ടായിരുന്നു ഇതു തുടങ്ങിരുന്നത്, അങ്ങനെ ആദ്യം ഓത്തുപള്ളികൂടങ്ങളാണ് നിലവിൽവന്നത്.ബെട്ടത്തു പുതിയങ്ങാടിയിൽ തന്നെ പുളിഞ്ചോട് എന്ന സ്ഥലത്തെ മണ്ണാറാട്ടിൽ ഒരു വീട്ടിന് ഇന്നും ഓത്തുപള്ളി എന്ന പേരു ലഭിച്ചത് ഇങ്ങിനെയാണ്. ഇവിടെ 1870 ൽ ആരംഭിച്ച മതവിദ്യാഭ്യാസ ക്ലാസ്സ് തച്ചപറമ്പിൽ കുഞ്ഞിബാവ മാസ്റ്ററുടെ (ഇദ്ദേഹം 1910 കളിൽ കോട്ടത്തറ സ്കൂളിലെ ഒരദ്ധ്യാപകനായിരുന്നു.) മാതാവ് തിത്തിയുമ്മ ടീച്ചർ തുടങ്ങിയതായിരുന്നു. ആ കാലത്ത് സ്ഥലം സന്ദർശിച്ച വിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥയായ വിദേശ വനിത സ്ത്രീ വിദ്യാഭ്യാസം നടപ്പിലാക്കാനുള ശ്രമം തുടങ്ങിയപ്പോൾ ഈ സ്ഥാപനം (ഓത്തുപള്ളി) ശ്രദ്ധയിൽ വരികയും അവിടത്തെ പഠനരീതിയിൽ മതിപ്പ് തോന്നിയ മദാമ്മ ഓത്തിൻ്റെ കൂടെ തന്നെ ഭൗതിക വിഷയങ്ങൾ കൂടി പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു ക്കുകയും ചെയ്തു. ബെട്ടത്തു പുതിയങ്ങാടിയിലുണ്ടായിരുന്ന കോടതിയും സബ്ബ്ജയിലും 1910ൽ തിരു രിലേക്ക് മാറ്റിയപ്പോൾ ഈ ഓത്തുപള്ളി അവിടത്തെ ഒഴിഞ്ഞ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. പെൺകുട്ടികൾക്ക് മാത്രമായുള്ള എലിമെൻ്ററി സ്കൂൾ ആയിട്ടാണ് ആദ്യം ആരംഭിച്ചത്. വേണ്ടത്ര സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ ഹൈസ്കൂളാക്കാനുളള ശ്രമം വിജയിച്ചില്ല. പിന്നീട് പ്രദേശത്തെ ഭൂവുടമയായിരുന്ന കാദർസാൻ കുടുംബത്തിലെ അഹമ്മദ് സാഹിബിൻ്റെ മകൻ ആലിക്കുട്ടി സാഹിബ് വടക്കെ കൂട് എന്ന സ്ഥലംസ്കൂൾ



ആവശ്യത്തിനുവേണ്ടി വിട്ടു നൽകി. സ്ഥലം ലഭ്യമായതിനുശേഷം ഹൈ സ്കൂൾ ആരംഭിക്കുന്നതിനുള്ള ശ്രമത്തിന് തച്ചപറമ്പിൽ കുഞ്ഞിബാവകുട്ടി മാസ്റ്ററുടെ ഇളയ മകൻ കുട്ടി അഹമ്മദ് എന്ന കുട്ടിയാമു മുൻകൈയെടുത്തു നടത്തിയ ശ്രമത്തിൻ്റെ ഫലമായിട്ടാണ് 1938 ൽ എലിമെൻ്ററി സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഇന്നത്തെ വളർച്ചക്ക് നിദാനം കുറിച്ച രണ്ട് വ്യക്തികളെ (ആലിക്കുട്ടി സാഹിബും കുട്ടി അഹമ്മദ് സാഹിബും) ഈ അവസരത്തിൽ സ്മരിക്കാതെ പോകുന്നത് വലിയ നന്ദികേട് ആയിരിക്കുമെന്നത് പ്രത്യേകം ചൂണ്ടിക്കാണിക്കട്ടെ.ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള ഇവരുടെ നിസ്വാർത്ഥ സേവനങ്ങൾക്ക് വേണ്ടത്ര പരിഗണ പിന്നീട് ലഭിച്ചില്ല എന്നത് ഒരു വലിയ പോരായ്മയായി അവശേഷിക്കുന്നു.

ഹൈസ്കൂളായി ഉയർത്തപ്പെട്ട ശേഷം ഇവിടെ പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുവാൻ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു. വളരെ വിദൂരസ്ഥലങ്ങളും നിന്നുപോലും ധാരാളം വിദ്യാർഥിനികൾ ഇവിടെ പഠനം നടത്തിപ്പോയിട്ടുണ്ട്. ഒരു വലിയ വടവൃക്ഷംപോലെ വളർന്നു വികസിച്ച ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് ഇന ഹൈസ്കൂളിനു പുറമെ ഹയർ സെക്കന്റ്റി വിഭാഗം, വൊക്കേഷണൽ ഹയർ സെക്കൻ്റ വിഭാഗവും, അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നു. ഡയറ്റ് എന്ന പേ രിൽ അറിയപ്പെടുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ട് 1992 വർഷം ആരംഭിച്ചു.
വർഷങ്ങളായി എല്ലാതലത്തിലും മികച്ച വിജയമാണ് ഈ സ്ഥാപനം കാഴ്ച വെക്കുന്നത്. ജില്ലയിൽ തന്നെ ഏറ്റവുമധികം പെൺകുട്ടികൾ പഠിക്കുന്ന ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ഒരു മികച്ച സ്ഥാപനമായി വെട്ടത്തു പുതിയങ്ങാടി ഗവ ഗേൾസ് വൊക്കേഷണൽ ഹയർസെക്കൻ്ററി സ്കൂൾ മാറികഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ യാത്രാ സൗകര്യത്തിനായി സ്കൂൾ ബസ്സുകൾ സ്ഥലം എം. എൽ.എയും, ജില്ലാപഞ്ചാ യത്തും അനുവദിച്ചിട്ടുണ്ട്. ഈ സൗകര്യം വിദ്യാർഥിനികൾക്ക് വലിയ അനുഗ്രഹമാ യിട്ടുണ്ട്.

സ്ത്രീകൾക്കിടയിൽ അറിവിന്റെ വെളിച്ചം ഈ പ്രദേശത്തും സമീപ പ്രദേശങ്ങളിലും വ്യാപിക്കുന്നതിന് ഈ കലാലയം സ്തുത്യർഹമായ സേവനമാണ് നിർവ്വഹിച്ചുവരുന്നത് ഇവിടെ നിന്നും പഠിച്ച പോയവർ അധ്യാപകരായും, ഡോക്ടമാരായും,

എഞ്ചിനിയറായും, വിവിധസ്ഥാപനങ്ങളിൽ ഉയർന്ന ഉദ്യോഗസ്ഥരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്, അനുഷ്ഠി ക്കുകയും ചെയ്യുന്നു. സമൂഹത്തിൽ നല്ല കുടുംബിനികളെ വാർത്തെടുക്കുന്നതിനും ജനങ്ങൾക്കിടയിൻ സൗഹാർദ്ദം സ്ഥാപിക്കുന്നതിനും ഈ സ്ഥാപനത്തിന് വലിയ പങ്കാണുള്ളത്. ഇതിൻ്റെ വളർച്ചയിൽ നാട്ടുകാരും അധ്യാപകരും രക്ഷിതാക്കളും ജാതി മത രാഷ്ട്രീയ ഭേദമന്യ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത കാര്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വളർച്ചയുടെ പുതിയ പടവും താണ്ടുന്നതിന് ഈ കലാലയത്തിന് സർവ്വശക്തൻ്റെ അനുഗ്രഹം ഇനി യുമുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ....

തച്ചപറമ്പിൽ കുഞ്ഞിമ്മു ടീച്ചർ

റിട്ട:ഹെഡ്മിസ്ട്രസ്

# എന്റെ വിദ്യാലയം

അജ്ഞത നീക്കിടാനറിവിന്റെ ദീപമായ്
അണയാ പ്രകാശമീ വിദ്യാലയം
വെട്ടത്തു നാടിന്റെ പേരിൽ പെരുമയിൽ
വെട്ടിത്തിളങ്ങുമീ വിദ്യാലയം

അന്ധകാരത്തിന്റെ ബന്ധനം നീക്കിടാൻ
അരുണോദയത്തിലെ ശോഭപോലെ
അക്ഷരപൊൻകതിൽ മുത്തണിഞ്ഞെന്നുമീ
വിജ്ഞാനവീഥിയിലെന്നുമെന്നും
ജ്ഞാനാമൃതത്തിൻ പൂന്തേനരുവിയിൽ
വിജ്ഞാന നൗകപോൽ നീങ്ങിടട്ടെ

അജ്ഞത നീക്കിടാനറിവിന്റെ ദീപമായ്
അണയാ പ്രകാശമീ വിദ്യാലയം
വെട്ടത്തു നാടിന്റെ പേരിൽ, പെരുമയിൽ
വെട്ടിത്തിളങ്ങുമീ വിദ്യാലയം

ശ്രീലക്ഷ്മി കെ
9B

# വയനാട്ടിലേക്ക് ഒരു യാത്ര

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു.ഇത്തവണത്തെ ക്രിസ്തുമസ് അവധിക്കാണ് ടി.വിയിലും യൂട്യൂബിലും മാത്രം കണ്ടിരുന്ന വയനാട്ടിലേക്കൊരു യാത്ര പോയത്.ഞാനും എന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പെടെ പതിനൊന്ന് പേരടങ്ങുന്ന സംഘവുമായി ഒരു ഇന്നോവ കാറിലായിരുന്നു.ഞങ്ങൾ ഡിസംബർ 25ന് വൈകുന്നേരം 7 മണിക്ക് വയനാട് ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു.ഞാൻ കാറിന്റെ ജനാലയ്ക്കരികെ തന്നെ സീറ്റ് പിടിച്ചു.എന്റെ പുതിയ പിങ്ക് മിടിയും കുപ്പായവുമായിരുന്നു ഞാൻ ധരിച്ചിരുന്നത്.എല്ലാവരും സ്വെറ്ററും മറ്റു കമ്പിളിക്കുപ്പായങ്ങളും കയ്യിൽ കരുതിയിരുന്നു.12 മണിയായപ്പോൾ ഞങ്ങൾ ചുരത്തിന്റെ മുകളിൽ എത്തി.കയ്യിൽ കരുതിയിരുന്ന പെറാട്ടയും ചിക്കനും അവിടെ ഇരുന്ന് കഴിച്ചു.ചുരത്തിന്റെ മുകളിൽ നിന്ന് താഴേക്ക് നോക്കിയിരിക്കാൻ ഒരു പ്രത്യേക ഭംഗിയായിരുന്നു.അതിനു ശേഷം യാത്ര വീണ്ടും ആരംഭിച്ചു.ചുരം കഴിഞ്ഞ് ഒരു 6 കിലോമീറ്റർ പോയപ്പോൾ ഒരു വിശാലമായ മൈതാനം കണ്ടു.അവിടെ ഞങ്ങൾ ടെന്റ് അടിച്ചു താമസിച്ചു.ഞങ്ങൾ പെണ്ണുങ്ങൾ കാറിലും ആണുങ്ങൾ ടെന്റിലും ഉറങ്ങി.രാവിലെ 8 മണിക്ക് ആണ് ഞങ്ങൾ ഉണർന്നത്. ഉണർന്നപ്പോൾ ഞങ്ങൾ കണ്ടത്

മഞ്ഞ് മൂടികിടക്കുന്ന അന്തരീക്ഷമാണ്.റൂം അന്വേഷിച്ച് ഞങ്ങൾ വീണ്ടും യാത്ര തുടർന്നു.മുത്തങ്ങ കാടിന്റെ അടുത്തായിരുന്നു ഞങ്ങളുടെ റൂം. നോക്കിയാൽ തന്നെ കാടായിരുന്നു.ഞങ്ങൾ അവിടുന്ന് സ്വന്തമായി ആഹാരം ഉണ്ടാക്കി കഴിച്ചു.ഭക്ഷണം കഴിച്ച് ഞങ്ങൾ കാട്ടിലൂടെ പതുക്കെ നടന്നു.ഒത്ത നടുക്ക് എത്തിയപ്പോൾ വളരെ നിശബ്ദമായിരുന്നു.ഞങ്ങൾക്ക് പേടിയായപ്പോൾ ഞങ്ങൾ തിരിച്ച് റൂമിലേക്ക് തന്നെ പോന്നു.പിന്നീട് ഞങ്ങൾ കാറിൽ കയറി പോയി.ഒത്ത നടുക്ക് എത്തിയപ്പോൾ വിശാമായ തടാകം കണ്ടു.നല്ല ഭംഗിയായിരുന്നു.ചോറും ചിക്കൻ കറിയും മാങ്ങ അച്ചാറുമായിരിന്നു ഉച്ചഭക്ഷണം.അത് ഞങ്ങൾ ഉണ്ടാക്കിയതായിരുന്നു.രാത്രി ഞങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ വെറുതെ ഒന്ന് ടോർച്ച് അടിച്ച് നോക്കിയപ്പോൾ നിറയെ മാൻക്കൂട്ടം കണ്ടു.പിറ്റേ ദിവസം ഞങ്ങൾ സൂചിപ്പാറ വെള്ളച്ചാട്ടം കാണാൻ പോയി.അവിടെ ഒരുപാട് സമയം ഞങ്ങൾ വെള്ളത്തിൽ കളിച്ചു.ഞങ്ങൾ അവിടെ നിന്ന് വീട്ടിലേക്ക് യാത്ര തിരിച്ചു.രാത്രി 12 മണിയായവുമ്പോഴേക്കും ഞങ്ങൾ വീട്ടിലെത്തി.

ലാസ - 6B

# WOMEN EMPOWERMENT

women empowerment is empowering the women to take their own decisions for their personal development as well as social development. Empowerment of women could mean encouraging women to be self-reliant, Independent, have positive self- esteem generate confidence to face any difficult situation and unite active participation in various socio -political development endeavors. In the ancient times, women were treated very badly by family and society. They were not given education and were only restricted to doing house hold tasks. They were kept completely oblivious of their rights and development. Women make up helt ofthe country so, in order to make the country an entirely powerful. Country, women empowering is very necessary. There are various ways in how one can empower women. The Individuals and government must both come together to make in happen. Education for girls must made compulsory so that women can became literate to make a life for themselves. Women must be given equal opportunities in every field, irrespective of gender. Moreover, they must also be given equal pay. We can also empower women by elimination child marriage in India, which is commonly conducted village areas. Various programs must be conducted where they can be given the ability to defend themselves in case they face financial crises. Most importantly, the shame of divorce and abuse must be thrown out of the window, many women stay in abusive. Relationship because of the fear of society. Parent must teach their daughters it is okay to come home divorced rather than in a cotton. Women empowerment in the truest sense, will be change in society with regard to women falk, treating them with proper respect & dignify.

-Ishva ismail.TP
10.A

# അച്ഛന്റെ നോവ്

നേരം വെളുപ്പിനെന്റച്ഛനുണരുന്നു
മക്കൾക്കു വേണ്ടി രാപ്പകലില്ലാതെ...
അച്ഛന്റെ നോവുകൾ തെല്ലുമറീക്കാതെ
മക്കളെ പോറ്റുവാൻ നെട്ടോട്ടമോടുന്നു
മക്കളെ നോവുകൾ തെല്ലുമറിയാതെ

കാശിന്റെ ഹുങ്കിൽ ലോകം മറക്കുന്നു
നാട്ടാരും വീട്ടാരും കണ്ടാലറയ്ക്കുന്ന
നീച പ്രവർത്തികൾ ആടിത്തിമിർക്കുന്നു
ഒരുന്നാൾ...എൻ മക്കൾ തണലാകുമെന്നോർത്തു
മുണ്ടുമുറുക്കിയവരാണൊരോ അച്ഛനും.

Liya fathima.K
7.A

# ഗണിത കവിത

ഒട്ടകമൊന്നതാ നിൽക്കുന്നു
ചെണ്ടകൾ രണ്ടത് കൊട്ടുന്നു
മുല്ലകൾ മൂന്നത് പൂക്കുന്നു
നാരങ്ങ നാലത് നൽകുന്നു
വഞ്ചികൾ അഞ്ചിതാ പോകുന്നു
താറാവാറിതാ നീന്തുന്നു.

വാഴകൾ ഏഴിതാ നിൽക്കുന്നു
കുട്ടകൾ എട്ടിതാ നിൽക്കുന്നു
തുമ്പകൾ ഒമ്പതിതാ നിൽക്കുന്നു
കുട്ടികൾ പത്തിതാ കളിക്കുന്നു.

Fathima Nidha P.K

9.D

# മറന്നു പോയ ബന്ധങ്ങൾ

കഥ പോൽ ചുരുങ്ങിയ ബന്ധങ്ങളിക്കാല –
മത്രയും വലുതായിരുന്നു
മറന്നുയെന്ന പോലെ...
ബന്ധങ്ങളെന്നേ അകറ്റിയതു പോലെ
കാൽനടയായി സൗഹൃദം പങ്കുവെച്ചാൽ
സുഹൃത്ബന്ധം പോലുമിപ്പോൾ വെറും
ശൂന്യമായതു പോലെ....

എന്നുമെൻ കുടിലിൽ വിരുന്നുവന്നെൻ
ചേച്ചി പോലും എന്നെ അകറ്റിനിർത്തി....
കാലമേറെ മാറിയില്ലേ....
അങ്ങനെയങ്ങനെ മരണത്തിൽ പോലും
സാക്ഷികളില്ലാ പോലും
അത്രമേൽ പോയെൻ ബന്ധ –
ങ്ങളെന്റെ മേലിൽ
ഒറ്റ വാക്കിലും ഒറ്റ ചടങ്ങിലും
എന്തിനൊരൊറ്റ ബന്ധങ്ങളായി ഒതുങ്ങിയല്ലാം
ആളോഴിഞ്ഞീ ചന്തയായ്....
കുട്ടികൾ ശ്യൂന്യമായ് പൂന്തോട്ടമായി....

ഉള്ളിലിറുന്ന് കഴിഞ്ഞതേ....
പുറത്തൊന്നുമേ ഞാൻ അറിയാതെ
പോയീ....

–Fahmidha K.K
8.C

# പൈതഗോറസ്



പുരാതന ഗ്രീസിലെ പ്രശസ്ഥനായ ഗണിത ശാസ്ത്രജ്ഞനും തത്ത്വജ്ഞാനിയുമായിരുന്നു പൈതഗോറസ് (580–500 B.C).ഭൂമിക്ക് ഗോളാകൃതിയാണെന്നും ഗ്രഹങ്ങൾക്കെല്ലാം അവരുടെതായ സഞ്ചാര പാതയുണ്ടെന്നും അദ്ദേഹം സമർത്ഥിച്ചു.ത്രികോണമിതിയിൽ പ്രധാന സിദ്ധാന്തങ്ങളിലൊന്നായ പൈതഗോറസ് സിദ്ധാന്തം ഇദ്ദേഹത്തിന്റെ സംഭാവനയാണ്.

Amna Sherin.R
9 D

# [illegible]

Dear friends this is a warning for you. When ever you speak, do it carefully. Because we can never tell how every single word you use will affect others. We all share jokes with each other. But sometimes our jokes may affect others emotionally. Sometimes improper use of words can ruin relationships. We may occidentally say very harsh words. Remember your words can plant the garden or burn all the forest down. Words are like fire flames. One fire flame can widen as a wild fire. So be  careful while using even a single word

-Amna Sherin.R

9.D

# ചാറ്റ് -ജിപിറ്റി




ചോദ്യങ്ങൾക്ക് ഉടനടിതന്നെ മറുപടി നൽകുന്നനിർമിതബുദ്ധി അധിഷ്ഠിത സംവിധാനമാണ് ചാറ്റ് ബോട്ടുകൾ. വ്യത്യസ്ത ധർമങ്ങൾ ഇവയെ ഏൽപ്പിക്കാൽ സാധിക്കും.

നിർമിത ബുദ്ധി അടിസ്ഥാനമാക്കി ഓപ്പൺ കമ്പനി വികസിപ്പിച്ച ഒരു ഭാഷാ മോഡൽ ചാറ്റ് ബോട്ട് ആണ് ഇത്.നാം ചാറ്റിലൂടെആവശ്യപ്പെടുന്ന വിവരങ്ങൾ ശ്രമിച്ച് അതിനനുസരിച്ച് ചാറ്റിലൂടെ തന്നെ മറുപടി നൽകാനാണ് ഇപ്പോൾ ഇതിലെ പരിശീലിപ്പിച്ചിരിക്കുന്നത്. ജനറേറ്റീവ് പ്രീട്രെയിൻഡ് ട്രാൻസ്ഫോർമാർ ടെക്നോളജിയിലാണ് പ്രവർത്തിക്കുന്നത്. സ്വാഭാവിക ഭാഷാ സംസ്കരണത്തിലൂടെയാണ് വിവരങ്ങൾ പ്രദാനം ചെയ്യുന്നത്.

ഗ്രെഗ്ബ്രോക്ക്മാൻ ചെയർമാനു സാമുവൽ ഹാരിസ് ആൾട്ട്മാൻ സി.ഇ.ഒയും ആയ ഓപ്പൺ എ ഐ 2022 നവംബർ 30 നാണ് ചാറ്റ് ജിപിടി ആരംഭിച്ചത്.

ഗൂഗിളിനെ വെല്ലാൻ Open AI-യ്ക്ക് പിന്തുണയുമായി ടെക്ഭീമൻ മൈക്രോസോഫ്റ്റ് കൂടെയുണ്ട്.ഇത് അഞ്ചുദിവസംകൊണ്ട് 10 ലക്ഷം ഉപഭോക്താക്കളെ നേടി റെക്കോർഡിട്ടു. 2023 ജൂലായ് വരെയുള്ള കണക്കുപ്രകാരം 170 മില്യണിലധികം പേർ വരിക്കാരായി ഉണ്ട്. Chat.openai.com ലൂടെ ഇ-മെയിൽ വിലാസമോ ഫോൺനമ്പറോ ഉപയോഗിച്ച് ചാറ്റ് ആരംഭിക്കാം. Chat GPT Plus (GPT4) ലഭിക്കുന്നതിന് പണം നൽകണം

സാഹിത്യം,വിദ്യാഭ്യാസം,ആരോഗ്യം,നിയമം,പത്രപ്രവർത്തനം, കസ്റ്റമർകെയർ എന്നീ മേഖലകളിൽ ചാറ്റ് ജിപിടി ഉപയോഗിക്കാനാകും. ലേഖനങ്ങൾ / എഴുത്തുകൾ തയ്യാറാക്കൽ, ഗണിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ, കമ്പ്യൂട്ടർ കോഡുകൾ,ഡേറ്റാ വിശകലനവും പഠനവും,ഗവേഷണം,സോഷ്യൽ മീഡിയാപോസ്റ്റുകൾ തയ്യാറാക്കൽ തുടങ്ങി എന്തിനും ഏതിനും മറുപടി ലഭ്യമാക്കാനും വിവരങ്ങൾ നൽകാനും ഇവയുടെ സഹായം തേടാം.

GPT-3 സാങ്കേതികവിദ്യ ഉപയോഗിച്ച് 2022-ൽ തന്നെ ഒരു റോബോട്ട് അതിനെപ്പറ്റി തന്നെ ഒരു ലേഖനം എഴുതിയത് ഗാർഡിയൻ പത്രം പ്രസിദ്ധീകരിച്ചിരുന്നു.

ഒരു വളർത്തുനായയുടെ രോഗാവസ്ഥ വെറ്റനറി ഡോക്ടർക്ക് കണ്ടെത്താനാകാതെ

വന്നപ്പോൾ ലക്ഷണങ്ങൾ Chat GPT4ന് നൽകി. താനൊരു വെറ്റനറി ഡോക്ടർ അല്ലെന്ന് ഓർമിപ്പിച്ചശേഷം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നായയുടെ രോഗം ഏതാണെന്ന് പറഞ്ഞുകൊടുത്തു.

അതുവഴി തുടർചികിത്സയിലൂടെ അതിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞെന്ന് ഒരാൾ ട്വിറ്ററിലൂടെ വെളിവാക്കിയിരുന്നു.

–Hamna Sharin.c

9.c